KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :05/11/ 2019

# കൊല്ലത്ത്ആറരകിലോകഞ്ചാവുമായി രണ്ട് പേർ പോലീസ് പിടിയിൽ.

കൊല്ലം : കൊല്ലം നഗരത്തിലെ വിവിധ ഭാഗങ്ങളിലും, ചാത്തന്നൂർ മേഖലയിലും, മുതിർന്ന വർക്കും, സ്കൂൾ വിദ്യാർത്ഥികൾക്കുമായി വിൽപ്പന നടത്തുന്നതിനായി കൊണ്ടുവന്ന 6.832 കിലോ ഗ്രാം കഞ്ചാവുമായി 2 പേരെ സിറ്റി പോലിസ് പിടികൂടി. ചാത്തന്നൂർ, കാരംകോട്, പ്രസാദ് നിവാസിൽ, പ്രസാദ്മകൻ അനൂപ് വയസ്സ് 24-ഉം, പ്രായപൂർത്തിയാകാത്ത മറ്റൊരാളുമാണ് കൊല്ലം റെയിൽവേസ്റ്റേഷൻ പരിസരത്തുനിന്നും കൊല്ലം സിറ്റി കമ്മീഷണർക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ, ഡി.സി.ആർ.ബി അസ്സി.കമ്മീഷണർ അനിൽകൂമാർ. എം, സ്പെഷ്യൽ ബ്രാഞ്ച് എസ്.ഐ ജയകുമാർ.ആർ എന്നീവരുടെ നേതൃത്വത്തിലുള്ള ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡ് അംഗങ്ങളുടെ പിടിയിലായത്.


അനൂപ് (24)

വളരെ വേഗത്തിലുള്ള ധന സമ്പാദനത്തിനു വേണ്ടിയും, അതുപയോഗിച്ചുള്ള ആർഭാട ജിവിതത്തിനുമായാണ് ഇവർ ഇത്തരം കുറ്റകൃത്യത്തിൽ ഏർപ്പെട്ടുവന്നിരുന്നത്. യുവജനതയെ കാർന്നുതിന്നുന്ന ലഹരിയുടെ ഉപയോഗം സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ഈ കാലയളവിൽ ഇത്തരക്കാർക്കെതിരെ കൊല്ലം സിറ്റി പോലിസിന്റെ ലഹരിവിരുദ്ധ പ്രവർത്തന വിഭാഗത്തിന്റെ ശ്ക്തമായ നടപടികൾ തുടർന്നും ഉണ്ടാകുമെന്ന് കൊല്ലം സിറ്റി ജില്ലാ പോലിസ് മേധാവി പി.കെ.മധു.ഐ.പി.എസ് അഭിപ്രായപ്പെട്ടു.

ഡി.സി.ആർ.ബി അസ്സി.പോലിസ് കമ്മീഷണർ അനിൽകൂമാർ. എം, കൊല്ലം സിറ്റി അസ്സി.പോലിസ് കമ്മീഷണർ പ്രതീപ് കുമാർ, കൊല്ലംഈസ്റ്റ് സി.ഐ.രാജേഷ്, സ്പെഷ്യൽ ബ്രാഞ്ച് എസ്.ഐ ജയകുമാർ. എസ്.ഐമാരായ ബിജു, ഗിവർഗ്ഗീസ്, സിപിഒ സുനിൽ ലഹരി വിരുദ്ധ ടിംഅംഗങ്ങളായ ബൈജു.പി.ജെറോം, സീനു, മനു, സജു, റിബു, ശ്രീജു.എസ്, രതീഷ്, ജോയി എന്നിവരും ചേർന്നാണ് സമർത്ഥമായ നീക്കങ്ങൾക്കൊടുവിൽ പ്രതികളെകുടുക്കിയത്.